**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീമതി.ലൗലി ഭാസ്കർ ഫയൽ ചെയ്ത ഒ.എ നം.2505/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03/01/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2478/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 06/11/2019

പരാമർശം : 1) ശ്രീമതി.ലൗലി ഭാസ്കർ (റിട്ട.ഹെൽത്ത് സൂപ്പർ വൈസർ, പെരുമ്പാവൂർ നഗരസഭ) 22/05/2018 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനം (അനക്ഷർ - എ 11)

2) ശ്രീമതി.ലൗലി ഭാസ്കർ (റിട്ട.ഹെൽത്ത് സൂപ്പർ വൈസർ, പെരുമ്പാവൂർ നഗരസഭ) ഫയൽ ചെയ്ത ഒ.എ നം.2505/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03/01/2019 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 19/02/2019 തീയതിയിലെ പിഎഫ്6-2371/11 നമ്പർ കത്ത്.

4) പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 09/10/2019 തീയതിയിലെ എ 3-11618 നമ്പർ കത്ത്.

**ഉത്തരവ്**

പ്രോവിഡന്റ് ഫണ്ട് ക്ലോഷർ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ സർക്കാർ, നഗരകാര്യ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരെ യഥാക്രമം ഒന്നു മുതൽ മൂന്നുവരെയുള്ള എതിർകക്ഷികളാക്കി പെരുമ്പാവൂർ നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീമതി.ലൗലി ഭാസ്കർ ഫയൽ ചെയ്ത ഒ.എ നം.2505/2018 മേലുള്ള 03/01/2019 തീയതിയിലെ വിധിന്യായത്തിൽ, ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമായി മൂന്നുമാസത്തിനകം അപേക്ഷകയേയും പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയേയും നേരിൽ കേട്ട് അനക്ഷർ - എ 11 നിവേദനത്തിന്മേൽ തീരുമാനമെടുക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

**2)** അനക്ഷർ - എ 11 എന്നത് സി.പി.എഫ് ക്ലോഷർ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.ലൗലി ഭാസ്കർ 22/05/2018 തീയതിയായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിവേദനമാണ്.

**3)** ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ അപേക്ഷകയ്ക്കുവേണ്ടി ഹാജരായവരേയും നഗരകാര്യ വകുപ്പ് / നഗരസഭാ ഉദ്യോഗസ്ഥരേയും 19/03/2019 നും 14/10/2019 നും നേരിൽ കേട്ടു..

4) പെരുമ്പാവൂർ നഗരസഭയിൽ നിന്നും 31/10/2012 ൽ വിരമിച്ച ഹെൽത്ത് സൂപ്പർവൈസർ ശ്രീമതി. ലൗലി ഭാസ്കറിന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് (നം PF6-3663)ലേക്ക് സർക്കാർ കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണ/ക്ഷാമബത്ത വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്താതിരുന്നതിനാൽ പലിശയിനത്തിൽ വളരെയധികം നഷ്ടം സംഭവിച്ചുവെന്നും അതുകൂടി കണക്കാക്കി അധികം തുക ലഭ്യമാക്കണമെന്നും, ഓരോ ജീവനക്കാരനും അർഹമായ കുടിശ്ശിക തുകകൾ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്തുന്ന തീയതി മുതൽ മാത്രമേ പലിശ അനുവദിക്കാൻ കഴിയൂവെന്ന് നഗരകാര്യ ഡയറക്ടറേറ്റ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും, ഇത് ജീവനക്കാർക്ക് വളരെയധികം തുക പലിശയിനത്തിൽ നഷ്ടപ്പെടുത്തുന്നു എന്നും ഇതിനു പരിഹാരം കാണണമെന്നും ഹിയറിംഗ് സമയത്ത് ശ്രീമതി. ലൗലി ഭാസ്കർ അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് ദിനേശ്.എ.ജി ആവശ്യപ്പെട്ടു.

5) സർക്കാർ കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ചുവരുന്ന ക്ഷാമബത്ത വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക തുകകൾ (01/01/2005 മുതൽ 01/01/2016 വരെയുള്ളത്) സി.പി.എഫ് ലേയ്ക്ക് ഒടുക്കാത്ത സാഹചര്യത്തിൽ, ആയത് സി.പി.എഫ് ലേയ്ക്ക് ഒടുക്കുന്നതിന് 22/02/2017 ലെ സ.ഉ.(പി) നം.26/17/ഫിൻ പ്രകാരം 31/07/2017 വരെയും തുടർന്ന് 30/06/2018 വരെയും സമയം ദീർഘിപ്പിച്ച് 20/02/2018 ലെ സ.ഉ.(പി)നം.23/18/ഫിൻ പ്രകാരവും ഉത്തരവായിട്ടുള്ളതാണെ ന്നും,ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ജീവനക്കാ രുടെ ലഭിക്കേണ്ട ക്ഷാമബത്ത / ശമ്പളപരിഷ്കരണ കുടിശ്ശിക തുകകൾ സി.പി.എഫ് ലേയ്ക്ക് ഒടുക്കിയിട്ടില്ലാത്തപക്ഷം ആയത് സമയപരിധിയ്ക്കുള്ളിൽ സി.പി.എഫ് ൽ ഒടുക്കുന്നതിനും സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ കാര്യത്തിൽ കുടിശ്ശിക തുക അനുവദിക്കുന്നപക്ഷം ആയത് ബന്ധപ്പെട്ടവർക്ക് നേരിട്ട് അനുവദിക്കുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതായും, ശ്രീമതി.ലൗലി ഭാസ്കറിന്റെ അപേക്ഷ ടിയാൾ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിലെ സെക്രട്ടറിമാർക്ക് അയച്ചുകൊടുത്തിട്ടുള്ളതായും ഇക്കാര്യം ടിയാളെ അറിച്ചിട്ടുള്ളതാണെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

6) പെരുമ്പാവൂർ നഗരസഭയിൽ നിന്നും 31.10.2012 ൽ വിരമിച്ച ഹെൽത്ത് സൂപ്പർവൈസർ ശ്രീമതി. ലൗലി ഭാസ്കറിന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് (നം PF6-3663) അവസാനിപ്പിച്ച് നഗരകാര്യവകുപ്പ ഡയറക്ടറുടെ 19.3.2013-ലെ പി.എഫ് 6-2371/11 നം ഉത്തരവ്

ടിയാൾക്ക് അർഹതപ്പെട്ട തുകയായ 5,85,708/-രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്നും എന്നാൽ ടിയാളുടെ കണക്ക് പ്രകാരം ടി തുക കുറവാണെന്ന് അറിയിച്ചുകൊണ്ട് മൂന്നരവർഷങ്ങൾക്കുശേഷം 24.12.2016-ന് ടിയാൾ നഗരകാര്യവകുപ്പ ഡയറക്ടർക്കുമുമ്പാകെ അപേക്ഷ സമർപ്പിച്ചു. ആയതിന് ടിയാളുടെ അപേക്ഷ ടിയാൾ സേവനം അനുഷ്ഠിച്ചിരുന്ന നഗരസഭകളുടെ സെക്രട്ടറിമാർക്ക് കൈമാറിയിട്ടുണ്ട് എന്ന് അറിയിക്കുകയും ആയതിനാൽ ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ടിയാൾ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളുമായി നേരിട്ട് നടത്താനും 19.7.2018 ലെ പി.എഫ് 6-2371/11 നം കത്ത് പ്രകാരം നഗരകാര്യവകുപ്പ ഡയറക്ടർ ശ്രീമതി.ലൗലി ഭാസ്കറിന് നിർദ്ദേശം നൽകിയിരുന്നു.

**7)** കൂടാതെ, പെരുമ്പാവൂർ നഗരസഭയിൽ നിന്നും 31.10.2012 ൽ വിരമിച്ച ഹെൽത്ത് സൂപ്പർവൈസർ ശ്രീമതി ലൗലി ഭാസ്കർ ഫയൽ ചെയ്ത ഒ.എ. യിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ 11.04.2019-ൽ സർക്കാരിൽ ഹിയറിംഗിനു ഹാജരായ അവസരത്തിൽ ലഭ്യമായ നിർദ്ദേശപ്രകാരം, ശ്രീമതി ലൗലി ഭാസ്കറിന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ടിയാൾ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിൽ നിന്നും ഒടുക്കിയ തുകയുടെ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുകയും ആയതു പ്രകാരം കണക്കുകൾ പുന:പരിശോധിച്ചതിൽ ടിയാളുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ടിയാൾ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിൽ നിന്നും ഒടുക്കിയ തുക പൂർണമായും അനുവദിച്ചു നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്നും ശ്രീമതി ലൗലി ഭാസ്കറിന് പി. എഫ്. കണക്കുമായി ബന്ധപ്പെട്ട് ഇനി തുകയൊന്നും നഗരകാര്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അനുവദിക്കാൻ ശേഷിക്കുന്നില്ലായെന്നും 20.5.2019 ലെ പിഎഫ്6-2371/2011 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**8)** പെരുമ്പാവൂർ നഗരസഭയിൽ 18.01.2005 മുതൽ 10.5.2005 വരെയും 11.11.2009 മുതൽ 31.03.2011 വരെയും 19.5.2011 മുതൽ 31.10.2012 വരെയും ജോലി നിർവ്വഹിച്ചിരുന്ന ശ്രീമതി.ലൗലി ഭാസ്കർ 31.10.2012 -ൽ വിരമിക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം 27.10.2011-ൽ നഗരസഭസെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ടി. അപേക്ഷയും അനുബന്ധരേഖകളും നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലത്തെ പ്രൊവിഡൻറ് ഫണ്ട് സ്റ്റേററ്മെന്റും ഉൾപ്പെടെ എ 3-11618/11 നമ്പർ കത്ത് പ്രകാരം നഗരകാര്യവകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യവകുപ്പ ഡയറക്ടർ 19.3.2013-ലെ പി.എഫ് 6-2371/11 നം ഉത്തരവ് പ്രകാരം ടിയാളിന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് (നം PF6-3663) അവസാനിപ്പിച്ച് പലിശ ഉൾപ്പെടെ 5,85,708/-രൂപ അനുവദിക്കുകയും നഗരസഭാ ജീവനക്കാരുടെ പി.എഫ് സംബന്ധമായ ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ടി തുക ശ്രീമതി.ലൗലി

ഭാസ്കറിന് നൽകുന്നതിന് നഗരസഭസെക്രട്ടറിയ്ക്ക് അനുമതി നൽകിയതുപ്രകാരം ശ്രീമതി.ലൗലി ഭാസ്കറിന് 15.5.2013 തിയതി 879647 നമ്പർ ചെക്ക് പ്രകാരം 5,85,708/- രൂപ നഗരസഭയിൽനിന്നും അനുവദിക്കുകയും ടിയാൾ ആയത് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാളുടെ കണക്ക് പ്രകാരം ടി.തുക കുറവാണെന്ന് അറിയിച്ചുകൊണ്ട് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA -2505/2018 മേലുള്ള 3.1.2019-ലെ വിധിന്യായം നടപ്പിലാക്കിനൽകുന്നതിന് ടിയാൾ സർക്കാരിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം പെരുമ്പാവൂർ നഗരസഭയിൽനിന്നും 1,25,723 രൂപ അനുവദിക്കണമെന്നുമാണ് അപേക്ഷക ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയതിന്മേൽ പരാമർശം (4) പ്രകാരം പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി താഴെപ്പറയുംവിധം റിപ്പോർട്ട് ചെയ്തു.

*ജി.ഒ.(പി.)362/2010/ഫിൻ തിയതി 3.7.2010 പ്രകാരം ടിയാൾക്ക് 01/1/2010 മുതൽ31/7/2010 വരെ 14,144 രൂപയും 28/2/2013 വരെ 2,797 രൂപ പലിശയും കൂടി ചേർത്ത് 16,941 രൂപ നൽകണമെന്നാണ് ടിയാൾ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടി.ഉത്തരവുപ്രകാരമുള്ള ഡി.എ അരിയർ 1/1/2010 മുതൽ 30/6/2010 വരെ 13215 രൂപ ടിയാളിന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് നഗരകാര്യവകുപ്പ് ഡയറക്ടറുടെ പേരിൽ 28.2.2011 തിയതി ഡി .ഡി നം 827787 പ്രകാരം അയച്ചുകൊടുത്തിട്ടുള്ളതും 07/10 -ലെ പുതുക്കിയ നിരക്കിലുള്ള ഡി.എ 78% ഉൾപ്പെടുത്തി ശമ്പളം നൽകിയിട്ടുള്ളതുമാണ്. ടി. ഉത്തരവ്പ്രകാരമുള്ള ഡി. എ അരിയർ നഗരസഭയിൽനിന്ന് 28.2.2011-ൽ തന്നെ നഗരകാര്യവകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചുനൽകിയിട്ടുള്ളതിനാൽ യാതൊരു തുകയും ടിയാൾക്ക് നഗരസഭയിൽനിന്നും നൽകേണ്ടതില്ല.*

*ജി.ഒ(പി)37/2011/ഫിൻ തിയതി 18.1.2011 പ്രകാരം ടിയാൾക്ക് 12414 രൂപ 28.2.2013 വരെ 1887 പലിശയോടുകൂടി 14301 രൂപ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഉത്തരവുപ്രകാരം ഡി.എ 12414 രൂപ 23.3.2011 തീയതി ഡി.ഡി 828543 പ്രകാരം നഗരകാര്യവകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ടി.ഉത്തരവ് പ്രകാരമുള്ള ഡി.എ അരിയർ നഗരസഭയിൽനിന്നും 28.3.2011 -ൽ തന്നെ നഗരകാര്യവകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചുനൽകിയിട്ടുള്ളതിനാൽ യാതൊരു തുകയും ടിയാൾക്ക് നഗരസഭയിൽനിന്നും നൽകേണ്ടതില്ല.*

*ജി.ഒ(പി)85/2011/ഫിൻ തിയതി 26.2.2011 പ്രകാരം ശമ്പളപരിഷ്കരണ അരിയർ 58629 രൂപയും 28.02.2013 വരെയുള്ള പലിശ 7235 രൂപയും കൂടി 65864 രൂപയും, ജി.ഒ(പി)180/2011/ഫിൻ തിയതി 11.4.2011 പ്രകാരം ക്ഷാമബത്ത അരിയർ 4437 രൂപയും 28.2.2013 വരെയുള്ള പലിശ 548 ഉം കൂടി 4985 രൂപ യഥാക്രമം നല്കണമെന്നാണാവശ്യപ്പെട്ടിട്ടുള്ളത്. ടിയാൾ പി. എഫ് അവസാനിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിനാൽ ടി. ഉത്തരവുകൾ*

പ്രകാരമുള്ള ശമ്പളപരിഷ്കരണകുടിശ്ശികയും ക്ഷാമബത്ത കുടിശ്ശികയും കൂടി 69801 രൂപ 21.11.2011 -ൽ നഗരസഭയിൽനിന്നും നേരിട്ട് കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ വീണ്ടും പലിശ ഉൾപ്പെടെ മേൽതുക ലഭിക്കണമെന്നാണ് ടിയാൾ ആവശ്യപ്പെട്ടിട്ടുള്ളത്. ടി. ഉത്തരവുകൾ പ്രകാരമുള്ള തുക നഗരസഭയിൽനിന്നും 21.11.2011 -ൽ നേരിട്ട് കൈപ്പററിയതിനാൽ ഈ ഇനത്തിൽ വീണ്ടും യാതൊരു തുകയും പലിശയും ടിയാൾക്ക് നൽകേണ്ടതില്ല.

ജി.ഒ(പി) 535/2011/ഫിൻ തിയതി 1.07.2011 പ്രകാരം ക്ഷാമബത്ത കുടിശ്ശിക 9280 രൂപയും 28.02.2013 വരെയുള്ള പലിശ 747 രൂപയും കൂടി 10027 രൂപ നൽകുന്നതിനും ടിയാൾ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി. 9280 രൂപ 01.2.2012-ൽ ടിയാൾ നഗരസഭയിൽനിന്നും നേരിട്ട് കൈപ്പറ്റിയിട്ടുള്ളതും എന്നാൽ പലിശയുൾപ്പെടെ മേൽതുക ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 1.02.2012 -ൽ നഗരസഭയിൽനിന്നും ടി. ഉത്തരവ് പ്രകാരമുള്ള തുക നേരിട്ട് കൈപ്പറ്റിയതിനാൽ ഈ ഇനത്തിൽ വീണ്ടും യാതൊരു തുകയും പലിശയും നൽകേണ്ടതില്ല.

ടിയാൾക്ക് പെരുമ്പാവൂർ നഗരസഭയിൽനിന്നും ഡി. എ പേറിവിഷൻ അരിയർ ഇനത്തിൽ 31600 രൂപയും പലിശ 4809 രൂപയും ഉൾപ്പെടെ 36409 രൂപ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും എന്നാൽ ടിയാൻ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഡി. എ, പേറിവിഷൻ അരിയർ ഇനത്തിൽ 98904 രൂപയും 28.2.2013 വരെ പലിശ 13214 രൂപയും ഉൾപ്പെടെ 112118 രൂപയിൽ നിന്ന് 36409 രൂപ കിഴിച്ച് 28.2.2013 ൽ നീക്കിബാക്കി 75709 രൂപ ലഭിക്കാനുണ്ടെന്നും ടി.തുകയ്ക്ക് 31.3.2019 വരെ പലിശ 50014 രൂപ ഉൾപ്പെടെ 125723 രൂപ നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

എന്നാൽ നഗരസഭയിൽനിന്ന് ടിയാൾക്ക് നഗരകാര്യ ഡയറക്ടറേറ്റിലേയ്ക്ക് അടച്ച 31600 രൂപയും ആയതിന് 4809 രൂപ പലിശയും നേരിട്ട് നഗരസഭയിൽനിന്നും കൈപ്പറ്റിയിരിക്കുന്ന ഡി.എ, പേറിവിഷൻ അരിയർ 79081രൂപയും ഉൾപ്പെടെ 115490 രൂപ പെരുമ്പാവൂർ നഗരസഭയുടേതായി ടിയാൾക്ക് 28.2.2013 ന് മുമ്പ് തന്നെ ലഭിച്ചിട്ടുണ്ട്. യഥാസമയം അടച്ച തുകകൾക്കും 28.2.2013 വരെ പലിശയും വീണ്ടും ടി. തുക ലഭിക്കുവാനുണ്ട് എന്ന് അവകാശപ്പെട്ട് 31.3.2019 വരെ കൂട്ടുപലിശയും കണക്കാക്കി ഭീമമായ തുക ലഭിക്കാനുണ്ട് എന്ന് തെറ്റിദ്ധരിപ്പിക്കുന്ന സ്റ്റേറ്റ്മെന്റാണ് ടിയാൾ ഹാജരാക്കിയിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.ലൗലി ഭാസ്കർ നഗരസഭയിൽ സേവനമനുഷ്ഠിച്ച കാലയളവിലെ പി.എഫ് വരിസംഖ്യ, ഡി. എ അരിയർ, പേറിവിഷൻ അരിയർ മുതലായവ യഥാസമയം നഗരകാര്യഡയറക്ടറേറ്റിലേയ്ക്ക് അടച്ചിട്ടുള്ളതാണ്. പ്രൊവിഡന്റ് ഫണ്ട് കണക്ക് അവസാനിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ച ശേഷമുള്ള എല്ലാവിധ കുടിശ്ശിക ആനുകൂല്യങ്ങളും നഗരസഭയിൽനിന്നും നേരിട്ട് നൽകുകയും ആയത് ടിയാൾ കൈപ്പറ്റിയിട്ടുള്ളതാണെന്നും

*ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിച്ചുവരുന്ന ക്ഷാമബത്ത കുടിശ്ശിക, ശമ്പളപരിഷ്കരണകുടിശ്ശിക എന്നിവയുടെ തുകകൾ പ്രൊവിഡന്റ് ഫണ്ടിലേയ്ക്ക് ഒടുക്കാത്തപക്ഷം ടി.തുകകൾ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതിന് സാവകാശം നൽകിക്കൊണ്ടുള്ള ഉത്തരവുകൾ നിലവിലുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

**9)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, പരാമർശം (3) & (4) പ്രകാരമുള്ള നഗരകാര്യവകുപ്പ് ഡയറക്ടറുടേയും പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീമതി.ലൗലി ഭാസ്കർ സമർപ്പിച്ച അനക്ഷർ-എ 11 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

**10)** പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ